പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 110 08.06.2015 -ൽ മറുപടിയ്ക്ക്

<u>സെക്കന്റ്സ് മദ്യം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള വിപണിയിലേയ്ക്ക് സെക്കന്റ്സ് മദ്യംവ്യാപകമായി എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു മൂലം ഉണ്ടാകുന്ന നികുതി നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ; ആയത് പ്രതിവർഷം എത്രകോടി വരുമെന്ന് വെളിപ്പെടുത്തുമോ; | (എ) | കേരള വിപണിയിലേയ്ക്ക് സെക്കന്റ്സ് മദ്യം വ്യാപകമായി എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര ഭരണ പ്രദേശമായ മാഹി, അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ തുടങ്ങിയ സ്ഥലങ്ങളിൽ മാത്രം വിൽക്കപ്പെടുവാനുള്ള ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം കേരളത്തിലേയ്ക്ക് കടത്തുന്നത് കണ്ട് പിടിച്ച് അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പിടിക്കപ്പെടുന്ന മദ്യത്തിന്റെ കൃത്യമായ വില കണക്കാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രധാനമായും ഏതെല്ലാം കേന്ദ്രങ്ങൾ വഴിയാണ് സെക്കന്റ്സ് മദ്യം വിപണിയിലേയ്ക്ക് എത്തികൊണ്ടിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കർണ്ണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിൽ നിന്നും, കേന്ദ്രഭരണ പ്രദേശമായ മാഹിയിൽനിന്നുമാണ് ആ സ്ഥലങ്ങളിൽ മാത്രം വിൽക്കാൻ കഴിയുന്ന മദ്യം കേരളത്തിലേയ്ക്ക് കടത്തുന്നത്. |
| (സി) | കേന്ദ്രഭരണ പ്രദേശമായ മാഹിയിൽ നിന്നും കടത്തുന്ന മദ്യം പിടിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | കേന്ദ്രഭരണ പ്രദേശമായ മാഹിയിൽ നിന്നും കടത്തുന്ന മദ്യം പിടിച്ചെടുക്കുവാൻ എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാഹിയിൽ നിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന സ്ഥലങ്ങളിലെ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനകൾ നടത്തി മദ്യ കടത്ത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാഹിയിൽ നിന്നും കേരളത്തിലേയ്ക്ക് ചെക്ക്പോസ്റ്റുകളിലൂടെ കടന്നുവരുന്ന വാഹനങ്ങൾകൃത്യമായി പരിശോധിച്ച വരുന്നു. മദ്യം ട്രെയിനുകളിൽ കടത്തി<br><br>ക്കൊണ്ട് വരുന്നതിന് സാധ്യ |

| | | | |
|---|---|---|---|
| | | | തയുള്ളതിനാൽ റെയിൽവെ സ്റ്റേഷനുകളിലും നിരീക്ഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ